സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1953(3)/2020** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.15349/*എസ്.ഐ.സി–ജി 1/2020*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 27.08.2022

ശ്രീ.മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമൈത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   പുതുപ്പാടി വില്ലേജ് ഓഫീസ്,
   പുതുപ്പാടി പി.ഒ, കോഴിക്കോട – 673 586.
2. അപ്പീൽ അധികാരി &
   തഹസീൽദാർ (ഭൂരേഖ),
   താമരശ്ശേരി താലൂക്ക് ഓഫീസ്,
   മിനി സിവിൽ സ്റ്റേഷൻ താമരശ്ശേരി,
   താമരശ്ശേരി പി.ഒ, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/07/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/08/2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13/08/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/09/2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/12/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/12/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഈസ്റ്റ് കോട്ടപ്പറമ്പ് അബ്ബ ആർക്കേഡിൽ ജനമൈത്രം കുംടുംബക്ഷേമ നീതിവേദി ജനറൽ സെക്രട്ടറി

ശ്രീ.എ.കെ. മുഹമ്മദ് അഷ്റഫ്, പുതുപ്പാടി വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് 2019 ജൂലൈ 3 ന് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് അതേവർഷം ആഗസ്റ്റ് 1 ന് ലഭിച്ച മറുപടിയിൽ തൃപ്തിയില്ലാതെ ആഗസ്റ്റ് 13 ന് അപ്പീൽ അധികാരിയെ സമീപിക്കുകയും സെപ്റ്റംബർ 4 ന് ഒന്നാം അപ്പീലിന് മറുപടി ലഭിച്ചെങ്കിലും 2020 ഡിസംബർ 1 ന് അപേക്ഷകൻ കമ്മീഷനെ സമീപിക്കുകയുമാണ് ഉണ്ടായത്.

2. 2022 ആഗസ്റ്റ് 20 ന് കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിക്കുകയും അപേക്ഷകനും എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും ഹാജരാവുകയും ചെയ്തു. അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ വില്ലേജ് ഓഫീസിൽ ചെന്ന് കാണുവാൻ അദ്ദേഹത്തെ അനുവദിച്ചാൽ താൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ മാത്രം നൽകിയാൽ മതിയെന്ന് അപേക്ഷകനും അപ്രകാരം ചെയ്യാമെന്ന് വില്ലേജ് ഓഫീസറും കമ്മീഷൻ മുമ്പാകെ എഴുതി സമർപ്പിച്ചിട്ടുണ്ട്.

3. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ 01.12.2020 ൽ സമർപ്പിച്ച അപ്പീൽ ഹർജിയ്ക്ക് അടിസ്ഥാനമായ 6(1) പ്രകാരമുള്ള 03.07.2019 ലെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ അടങ്ങിയ രേഖകൾ അപേക്ഷകന് വില്ലേജ് ഓഫീസിൽ വന്ന് കാണുന്നതിനും അവയിൽ നിന്ന് തനിക്ക് ആവശ്യമുള്ള രേഖകളുടെ പകർപ്പ് അദ്ദേഹം ആവശ്യപ്പെടുന്ന മുറയ്ക്ക് ഫീസ് ഒന്നും ഈടാക്കാതെ പകർപ്പ് എടുത്ത് അറ്റസ്റ്റ് ചെയ്ത് നൽകണമെന്ന് പുതുപ്പാടി വില്ലേജിലെ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. അപ്രകാരം രേഖ നൽകിയതിന്റെ കൈപ്പറ്റ് രസീത് അപ്പീൽ അധികാരി ആയ തഹസീൽദാർ

(ഭൂരേഖ), താമരശ്ശേരി താലൂക്ക്, ശേഖരിച്ച് ഈ കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

2. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 27-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*